LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലം സബ്ട്രഷറി

239(579) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ സബ് ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) സബ് ട്രഷറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കുന്ദമംഗലത്ത് ഒരു ഏകാംഗ ട്രഷറി പ്രവർത്തിച്ചിരുന്നു എന്നത് കണക്കിലെടുത്തും നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലും പുതുതായി സബ് ട്രഷറി ഓഫീസർ തസ്തിക ഒഴികെ മറ്റൊരു തസ്തികയും സൃഷ്ടിക്കയില്ലെന്നും അധികമായി വേണ്ടി വരുന്ന തസ്തിക പുനർ വിന്യാസം വഴി കണ്ടെത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ്ട്രഷറി ആരംഭിക്കുന്നതിന് സ.ഉ.(എം.എസ്.) 343/14/ധന. പ്രകാരം ഭരണാനുമതി തൽകിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 19-9-14 ലെ സ.ഉ. (പി) 400/14/ധന. പ്രകാരം നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2015 മാർച്ചിന് ശേഷം മാത്രമേ സബ്ട്രഷറി ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് നിർവ്വാഹമുള്ളൂ.

ട്രഷറികളിൽ എ.ടി.എം. കൗണ്ടർ

240 (580) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം കൗണ്ടറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളത് ;

(സി) നാളിതുവരെ എത്ര എ.ടി.എം കൗണ്ടറുകൾ സ്ഥാപിച്ചു ; എവിടെയെല്ലാം ;

(ഡി) എ. ടി. എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) 14-12-2012-ലെ സ.ഉ.(സാധാ)നമ്പർ 10460/2012/ധന. പ്രകാരം സെക്രട്ടറിയേറ്റ് സബ്ട്രഷറിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേയ്മെന്റ് സബ്ട്രഷറികളിലും എ.ടി.എം. സ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 25-4-2013 ലെ സ.ഉ. (സാധാ)നമ്പർ 3818/2013/ധന. പ്രകാരം ടെണ്ടർ നടപടികൾ ആരംഭിക്കുവാനുള്ള ഭരണാനുമതിയും നൽകിയിരുന്നു. ദർഘാസ് നമ്പർ 9/2013 പ്രകാരം ദർഘാസ് പരസ്യം പുറപ്പെടുവിച്ചുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചില്ല. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ ആരായുന്നതിനായി ഒരു 'കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്' നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം

241(581) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത്തരത്തിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി കുറവായതു കാരണം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കേരളാ ട്രഷറി കോഡ് കാലോചിതമായി പരിഷ്കരിച്ച് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly